**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുളത്തുപ്പുഴയിൽ കോളേജ് ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇതുസംബന്ധിച്ച് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 04.09.2019, 04.02.2020 തീയതികളിലെ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി കുട്ടികളുള്ള പ്രസ്തുത മണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

2930143/2018/H EDN

ഭരണഭാഷ മാതൃഭാഷ

പി1/37819/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 04/09/2019

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - കുളത്തൂപ്പുഴ ആസ്ഥാനമാക്കി സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യത പഠന റിപ്പോർട്ട് അയക്കുന്നത് - സംബന്ധിച്ച് -

സൂചന:- 1. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിന്റെ 07/08/2018 തീയതിയിലെ നമ്പർ ബി3/169/2018/ഉ.വി.വ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നും ഇതേ നമ്പർ പ്രകാരം 13/03/2017 തീയതിയിലെ ലഭ്യമാക്കിയ റിപ്പോർട്ട്

---------

ബഹുമാനപ്പെട്ട വനം/വന്യ ജീവി വകുപ്പുമന്ത്രി ശ്രീ.കെ.രാജു കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയായ കുളത്തൂപ്പുഴ ആസ്ഥാനമാക്കി ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യത പഠന റിപ്പോർട്ട് സൂചന (2) പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ച് കോളേജ് അനുവദിക്കുന്നതിന് ശുപാർശ ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ,

സിന്ധ്യാ.
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
0471 - 2304731
srfo.colledn@kerala.gov.in

ഉള്ളടക്കം: മേൽ സൂചിപ്പിച്ചത്

എസ്.ഒ /05/09/2018

5159302

GOVERNMENT OF KERALA 2017-18

2930143/2018/H EDN

P

നമ്പർ ഡി6/10574/2016

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, കൊല്ലം.
തീയതി: 8.02.2017

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

5258

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം

സർ,

വിഷയം: കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൊല്ലം - കൊല്ലം ജില്ലയുടെ കിഴക്കൽ മേഖലയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് -

സൂചന: അങ്ങയുടെ 11.11.2016 ലെ പി1/37819/2016 കോ.വി.വ നമ്പർ കത്ത്

മേൽ കത്തിലെ നിർദ്ദേശാനുസരണം കൊല്ലം ജില്ലയുടെ കിഴക്കൽ മേഖലയിൽ കോളേജ് ആരംഭിക്കുന്നതിന്, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണ റിപ്പോർട്ട് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

അക്കൗണ്ട്സ് ഓഫീസർ
ഇൻ ചാർജ്ജ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ

ഉള്ളടക്കം:-

മേൽ സൂചിതം

**കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതലയുള്ള അക്കൗണ്ട്സ് ഓഫീസർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്.**

---

കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വനം, വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ.കെ.രാജു, ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൻപ്രകാരം ചുവടെപ്പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

1. കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ഗ്രാമ പഞ്ചായത്തും, വലിപ്പത്തിൽ കേരളത്തിൽ 8-ാം സ്ഥാനത്തുമുള്ള കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് 1500-ൽപരം ആദിവാസി കുടുംബങ്ങൾ വസിക്കുന്ന വന / മലയോര മേഖലയാണ്. ഏരൂർ, കുളത്തൂപ്പുഴ, ആര്യങ്കാവ് പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു.

2. ഈ പ്രദേശത്ത് 15 കി.മീ. പരിധിക്കുള്ളിൽ 6 ഹയർ സെക്കൻഡറി സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി അഞ്ചൽ സെന്റ് ജോൺസ് കോളേജ് (20 കി.മീ. ദൂരം), പുനലൂർ എസ്.എൻ. കോളേജ് (31 കി.മീ. ദൂരം) എന്നീ സ്ഥാപനങ്ങളെയാണ് ആശ്രയിക്കേണ്ടത്.

നെടുമങ്ങാട് ഒരു സർക്കാർ കോളേജുള്ളത് 48 കി.മീ. ദൂരത്തിലാണ് സ്ഥിതി ചെയ്യുന്നത്.

3. ഉന്നത പഠനത്തിന് ആവശ്യമായ സൗകര്യമില്ലാത്തതിനാൽ +2 (പ്ലസ് ടു) വിദ്യാഭ്യാസത്തിനുശേഷം നല്ലൊരുശതമാനം വിദ്യാർത്ഥികൾ പഠനം

അവസാനിപ്പിക്കുന്നു. ഇതിൽ എസ്.സി. / എസ്.ടി. വിദ്യാർത്ഥികളും ഉൾപ്പെടുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു.

4. സർക്കാർ, കോളേജ് അനുവദിക്കുകയാണെങ്കിൽ ബിൽഡിംഗ് തുടങ്ങിയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് 3.20 ഏക്കർ സ്ഥലം, തിരുവനന്തപുരം-ചെങ്കോട്ട റോഡിൽ നിന്നും 500 മീറ്റർ ഉള്ളിലായി കണ്ടെത്തിയിട്ടുണ്ട്. ഭാവിയിൽ കൂടുതൽ സ്ഥലം ലഭ്യമാക്കാൻ സാധിക്കുന്നതാണെന്ന് കുളത്തൂപ്പുഴ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

5. താൽക്കാലിക സൗകര്യം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായാൽ കുളത്തൂപ്പുഴ ടൗണിൽ തന്നെ 7000 ചതുരശ്ര അടി വിസ്തൃതിയിലുള്ള വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. സർക്കാരിൽനിന്നും വാടക അനുവദിക്കാത്ത സാഹചര്യമുണ്ടായാൽ ആയത് പഞ്ചായത്ത് തന്നെ സമാഹരിക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ ഖണ്ഡികകളിലെ 1 മുതൽ 5 വരെയുള്ള അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള പ്രതിനിധികളും ഈ കാര്യാലയത്തിൽ നിന്നും അന്വേഷണത്തിന് പോയ ഉദ്യോഗസ്ഥരും പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം, പ്രാരംഭ പ്രവർത്തനത്തിനുള്ള കെട്ടിടം എന്നിവയുടെ പ്രാഥമിക പരിശോധന നടത്തുകയുണ്ടായി. എന്നാൽ, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളൊന്നും പഞ്ചായത്ത് അധികൃതർ ഹാജരാക്കാത്തതിനാൽ ആയത് പരിശോധിച്ചില്ലെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

അക്കൗണ്ട്സ് ഓഫീസർ
ഇൻ-ചാർജ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ
ഓഫ് കൊളേജിയേറ്റ് എഡ്യൂക്കേഷൻ
കൊല്ലം

എ/ഡി.3217

4233690/2020/H EDN

നം: പി-1/37819/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി : 04.02.2020

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി,
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ കുളത്തുപ്പുഴ ആസ്ഥാനമാക്കി സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 07.08.2018-ലെ ബി3/169/2018/ഉ.വി.വ നമ്പർ സർക്കാർ കത്ത്
2. 04.09.2019-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്

* * *

സൂചന ശ്രദ്ധിച്ചാലും. വിദ്യാഭ്യാസ മേഖലയിൽ പൊതുവിലും, ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും പിന്നോക്കം നിൽക്കുന്ന കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിൽ ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്ന പ്രദേശത്തെ എം.എൽ.എ.കൂടിയായ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പ് മന്ത്രി ശ്രീ.കെ.രാജുവിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ, കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സാധ്യതാ വിശകലന റിപ്പോർട്ട് ബഹുമാനപ്പെട്ട സർക്കാരിന് ലഭ്യമാക്കിയിട്ടുള്ളതാണ്.

കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ടി പഞ്ചായത്ത് അധികൃതരുമായി നടത്തിയ കൂടികാഴ്ചയിൽ, ജില്ലയിലെ തന്നെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്നതുമായ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്, ഭൂമി ലഭ്യതയുൾപ്പെടെയുള്ള, ഭൌതിക സാഹചര്യങ്ങളുടെ പ്രാപ്യത കൂടി കണക്കിലെടുത്ത്, കോളേജ് സ്ഥാപിക്കുന്നതിന് ഉചിതമാണെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ അംഗീകാരം ലഭിക്കുകയാണെങ്കിൽ

4233690/2020/H EDN

നിർദ്ദിഷ്ട കോളേജിനായി തിരുവനന്തപുരം – ചെങ്കോട്ട ദേശീയപാതയിൽ നിന്നും 500 മീറ്റർ മാറി 3.20 ഏക്കർ സ്ഥലം കണ്ടെത്തുകയും ഭാവിയിൽ കൂടുതൽ സ്ഥലം ലഭ്യമാക്കാൻ സാധിക്കുമെന്നും, കുളത്തൂപ്പുഴ പഞ്ചായത്ത് അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആകെ ജനസംഖ്യയുടെ 90ശതമാനത്തിലധികവും അധിവസിക്കുന്നത് ഈ മേഖലയിലാണ്. നിലവിൽ ഹയർ സെക്കന്ററി പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ആശ്രയിക്കുന്നത് 25-35 കി.മീ അകലെയുള്ള അഞ്ചൽ സെന്റ് ജോൺസ് കോളേജ്, പുനലൂർ എസ്.എൻ.കോളേജ് എന്നീ സ്ഥാപനങ്ങളെയാണ്. യാത്രാ സൌകര്യങ്ങളുടെ അപര്യാപ്തതയും, നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദൂരക്കൂടുതലും നിമിത്തം +2 വിദ്യാഭ്യാസത്തിനുശേഷം പഠനമവസാനിപ്പിക്കുന്നവരുടെ എണ്ണം വളരെക്കൂടുതലാണ്. ഇതിൽ ഏറിയപങ്കും പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗങ്ങളിൽപ്പെട്ടവരും, അതിൽത്തന്നെ പെൺകുട്ടികളുമാണ്. അതിനാൽ തന്നെ പ്രസ്തുത വനമേഖലയിലേയ്ക്ക് കോളേജ് സ്ഥാപിക്കുന്ന പക്ഷം ഉന്നത വിദ്യാഭ്യാസ മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം ഗണ്യമായി വർദ്ധിപ്പിക്കാനും, അതുവഴി രാജ്യത്തിനുതന്നെ മാതൃകയായ ഉന്നതവിദ്യാഭ്യാസ രംഗത്തെ കേരളത്തിന്റെ നേട്ടങ്ങൾ കൂടുതൽ ഉയരങ്ങളിലെത്തുകയും ചെയ്യുന്നതാണ്.

സർക്കാർ മേഖലയിൽ കോളേജ് അനുവദിക്കുന്ന പക്ഷം - സ്ഥിരം സംവിധാനം ഉണ്ടാകുന്നത് വരെ, പഞ്ചായത്ത് ആസ്ഥാനത്ത് തന്നെ താത്ക്കാലിക സൌകര്യം ഒരുക്കിയിട്ടുണ്ടെന്നും, അതിന്റെ ചിലവ് പഞ്ചായത്ത് തന്നെ വഹിക്കാമെന്നും അധികൃതർ അറിയിച്ചിട്ടുള്ളതാണ്. ഇത് സ്ഥാപനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച പ്രദേശവാസികളുടെ വികാരത്തിന്റെ പ്രതിഫലനം കൂടിയാണ്. ഈ സാഹചര്യത്തിൽ, മേൽ പ്രസ്താവിച്ച വസ്തുതകളുടെയും, വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ, വനമേഖലയായ കുളത്തൂപ്പുഴ ആസ്ഥാനമാക്കി അടുത്ത അദ്ധ്യയനവർഷം തന്നെ, സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വി.വിഘ്നേശ്വരി, ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പി.ജി : 05.02.2020

2041245

GOVERNMENT OF KERALA